**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1981** **14-10-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപക ഒഴിവുകളിലേക്കുള്ള പി.എസ്.സി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോളേജ് അദ്ധ്യാപക നിയമനത്തിനായി 2019 മുതൽ 2024 മാർച്ച് വരെ പി.എസ്.സി. എത്ര തവണ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2019 മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിൽ കേരള കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസറുടെ വിവിധ തസ്തികകളിലേയ്ക്ക് ഒരു പ്രാവശ്യം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിനു പുറമേ അസിസ്റ്റന്റ് പ്രൊഫസറുടെ വിവിധ തസ്തികളിലേയ്ക്ക് എൻ.സി.എ വിജ്ഞാപനങ്ങൾ പല തവണ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസ വകുപ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തപ്രകാരം സംസ്ഥാനത്ത് നിലവിൽ എത്ര കോളേജ് അദ്ധ്യാപകരുടെ ഒഴിവുകളാണുള്ളതെന്നും ഓരോ ജില്ലയിലും എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്നും വിശദമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക നിയമനങ്ങൾ സംസ്ഥാനതല നിയമനങ്ങൾ ആണ്. ജില്ലാതല നിയമനങ്ങൾ അല്ല. ഏതു ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകളും സംസ്ഥാന തല ഒഴിവുകളായാണ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും നേരിട്ട് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ (Govt. Colleges), (Kerala Collegiate Education Service) തസ്തികയുടെ 26 (26 Fresh Vacancy) ഒഴിവും കോളേജ് വിദ്യാഭ്യാസവകുപ്പിൽ നിന്നും 2019 മുതൽ 2024 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത വിവിധ വിഷയങ്ങളിലെ കോളേജ് അദ്ധ്യാപക തസ്തികകളിലെ 64 ഒഴിവുകളും (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.) ഉൾപ്പെടെ ആകെ 90 ഒഴിവുകൾ ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി വകുപ്പിൽ വിവിധ തസ്തികകളിലേയ്ക്ക് ഭിന്നശേഷി വിഭാഗത്തിനായി ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ട്. |
| (സി) | പി.എസ്.സി. മുഖേന കോളേജ് അദ്ധ്യാപകരുടെ നിയമനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | വിഷയം | പി.എസ്.സിയിൽ നിന്നും നിയമന ശിപാർശ ലഭിക്കാനുള്ളത്(ഒഴിവുകൾ) |
|---|---|---|
| 1 | ഇംഗ്ലീഷ് | 2 |
| 2 | മാത്സ് | 6 |
| 3 | സ്റ്റാറ്റിസ്റ്റിക്സ് | 1 |
| 4 | തമിഴ് | 2 |
| 5 | മൈക്രോബയോളജി | 1 |
| 6 | ബയോടെക്നോളജി | 3 |
| 7 | ബയോകെമിസ്ട്രി | 1 |
| 8 | ഇലക്ട്രോണിക്സ് | 1 |
| 9 | ഹോട്ടൽമാനേജ്മെന്റ് | 1 |
| 10 | ഹോം സയൻസ് എക്സ്റ്റൻഷൻ | 1 |
| 11 | കമ്പ്യൂട്ടർ സയൻസ് | 2 |
| 12 | ഹോം സയൻസ് ജനറൽ | 1 |
| 13 | ഫിസിക്കൽ സയൻസ്, ട്രെയിനിംഗ് കോളേജ് | 1 |
| 14 | എഡ്യൂക്കേഷൻ ടെക്നോളജി [ഗവ. ട്രെയിനിംഗ് കോളേജ്] | 1 |
| 15 | ജ്യോഗ്രഫി [ഗവ. ട്രെയിനിംഗ് കോളേജ്] | 1 |
| 16 | സംസ്കൃതം [ഗവ. ട്രെയിനിംഗ് കോളേജ്] | 1 |
| 17 | വോക്കൽ | 8 |
| 18 | വയലിൻ | 3 |
| 19 | സ്കൾപ്ച്ചർ | 1 |
| 20 | ഡ്രോയിംഗ് ആൻഡ് പെയിന്റിംഗ് | 1 |
| 21 | കഥകളി വേഷം | 2 |
| 22 | കഥകളി ചെണ്ട | 3 |

| | | |
|---|---|---|
| 23 | ഭരതനാട്ട്യം | 2 |
| 24 | അപ്ലൈഡ് ആർട്സ് | 1 |
| 25 | ഹിസ്റ്ററി ആൻഡ് എയ്സ്തറ്റിക്സ് | 1 |
| 26 | മോഹിനിയാട്ടം | 4 |
| 27 | സപ്പോർട്ടിങ്ങ് ആർട്ടിസ്റ്റ്,ഭരതനാട്യം | 1 |
| 28 | മൃദംഗം | 1 |
| 29 | ബി.ബി.എ | 1 |
| 30 | ഇക്കണോമിക്സ് | 1 |
| 31 | സംസ്കൃത [സാഹിത്യ] | 1 |
| 32 | സംസ്കൃത [ജ്യോതിഷ] | 1 |
| 33 | പബ്ലിക് അഡ്മിനിസ്ട്രേഷൻ | 4 |
| 34 | സംസ്കൃത [വേദാന്ത] | 2 |
| | ആകെ | **64** |

സെക്ഷൻ ഓഫീസർ